LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശമ്പളവും പെൻഷനും മുടങ്ങിയിട്ടുണ്ട്. 2014 നവംബർ മാസത്തെ ശമ്പളം 6-12-2014-ലാണ് വിതരണം ചെയ്തത്. നിലവിൽ 3 മാസത്തെ പെൻഷൻ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്. 2012 ഒക്ടോബർ മാസം മുതൽ പെൻഷൻ വിതരണം കുടിശ്ശികയാകുന്നുണ്ട്.

(ബി) ഉണ്ട്. പ്രതിദിനം ഏകദേശം 14 ലക്ഷം രൂപയുടെ കുറവ് ഇന്ധന വിലയിൽ ഉണ്ടായിട്ടുണ്ട്.

(സി) സ്റ്റാഫ് കാർ ഓട്ടം പരിമിതപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്ലാൻ ഫണ്ടിൽപ്പെടുത്തി അനുവദിക്കുന്ന തുകയുള്ള ജോലികൾ മാത്രമേ നടത്തുന്നുള്ളൂ. കൂടാതെ MLA LACADS, MLA SDF, MLAD എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് പണികൾ ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി. നേരിട്ട് പണി നിർവ്വഹിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് മുതൽമുടക്കിന് പലിശരഹിത നിക്ഷേപം സ്വീകരിച്ചാണ് പണം കണ്ടെത്തുന്നത്.

കെ.എസ്.ആർ.ടി.സി.-യിലെ എഫ്.എ. ആന്റ് സി.എ.ഒ. തസ്തികയിൽ നിയമനം

326 (3960) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ മുൻകാലങ്ങളിൽ എഫ് ആന്റ് സി.എ.ഒ. തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം ;

(ബി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം ; ഇപ്പോൾ യോഗ്യതയിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഇളവു വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്ട് പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് സർക്കാരാണ് നിയമനം നടത്തുന്നത്. മുൻ കാലങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും ഇൻഡ്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവ്വീസ് യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. സർക്കാരിലെ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥരെയാണ് എഫ്.എ&സി.എ.ഒ.-യുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സമീപകാലത്ത് നിയമിച്ചു വന്നിരുന്നത്. നിലവിൽ ഒഴിവുള്ള പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്ന വിഷയവും നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ ഫിനാൻസ് മാനേജർക്ക് എഫ്.എ.&സി.എ.ഒ.-യുടെ അധിക ചുമതല കോർപ്പറേഷൻ നൽകിയിരിക്കുന്നതും സർക്കാർ പരിശോധിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി

327 (3961) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂക ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) എത്ര രൂകയാണ് പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി വേണ്ടത്; ഇതിനകം എവിടെനിന്നെല്ലാം വായ്പകൾ എടുത്തിട്ടുണ്ട്; ബാദ്ധ്യതകൾ എത്ര; പ്രതിമാസം എത്ര രൂകയാണ് തിരിച്ചടക്കേണ്ടത്, വ്യക്തമാക്കാമോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം എത്ര ഷെഡ്യൂൾ വെട്ടിക്കുറച്ചു; ആകെ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്;

(ഡി) 2010 മുതൽ 2014 വരെ പ്രതിമാസം എത്ര ബസ്സുകളാണ് പുതിയതായി നിരത്തിലിറക്കിയത്; നിലവിലുള്ള സ്ഥിരം, താൽക്കാലികം, എം-പാനൽ ജീവനക്കാരുടെ എണ്ണം എത്ര ; വിശദമാക്കുമോ ?